പൊതു വിദ്യാഭ്യാസ
ഡയറകടറുടെ കാര്യാലയം,
ഹയർസെക്കണ്ടറി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1

നംബർ. ICT Cell/1771/1/HSE/2019 31/08/2019

# സർക്കുലർ

വിഷയം: പ്ലസ്‌വൺ ജില്ല/ ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ, മെരിറ്റ് വേക്കൻസി സീറ്റുകളിലെ അഡ്മിഷൻ : പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

**സൂചന: : ഇതേ നമ്പറിൽ ആഗസ്റ്റ് 28 ലെ സർക്കുലർ**

## ജില്ല/ ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അഡ്മിഷൻ നിർദ്ദേശങ്ങൾ

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പഠിതാക്കൾ ഇല്ലാത്ത പന്ത്രണ്ട് ഹയർസെക്കണ്ടറി ബാച്ചുകൾ മറ്റ് സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിലേയ്ക്ക് മാറ്റി ക്രമീകരിച്ചതിന്റെ ഫലമായുള്ള വേക്കൻസിയും പ്രവേശന നടപടികൾ ആഗസ്റ്റ് 7 ന് പൂർത്തീകരിച്ചപ്പോൾ നിലവിലുണ്ടായിരുന്ന വേക്കൻസിയും ചേർന്നുള്ള വേക്കൻസിയിൽ ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി അപേക്ഷിക്കാനുള്ള അവസരം **ആഗസ്റ്റ് 30 ന് ഉച്ചക്ക് 2 മണി** വരെ നൽകിയിരുന്നു.. ഇത്തരത്തിൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ചുകൊണ്ടുള്ള **ട്രാൻസ്ഫർ അലോട്ട്മെൻറ് റിസൽറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്..** "TRANSFER ALLOT RESULTS" എന്ന ലിങ്കിലൂടെ റിസൾട്ട് പരിശോധിക്കാനുള്ള സൗകര്യം അതത് സ്കൂൾ പ്രിൻസിപ്പൾമാർ ചെയ്ത് കൊടുക്കേണ്ടതും ട്രാൻസ്ഫർ അലോട്ട്മെൻറ് സ്ലിപ്പ് എടുത്ത് നൽകേണ്ടതുമാണ്. അതേ സ്കൂളിൽ കോമ്പിനേഷൻ മാറ്റം ലഭിച്ചാലും പുതിയ സ്ലിപ്പ് പ്രകാരം പ്രവേശനം മാറ്റി കൊടുക്കേണ്ടതാണ്. സ്കൂൾ മാറ്റം ലഭിച്ച വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ വിടുതൽ സർട്ടിഫിക്കറ്റും( സ്കൂൾ അഡ്മിൻ യൂസറിൽ ലഭ്യമാക്കിയിട്ടുള്ള TC Generator( For Students Transferred to other school in School/Combination Transfer Allotment) എന്ന ലിങ്കിലൂടെ വിടുതൽ സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്.) സ്വഭാവ സർട്ടിഫിക്കറ്റും മറ്റു അസ്സൽ രേഖകളും നൽകി പുതിയ സ്കൂളിൽ പ്രവേശനത്തിന് ഹാജരാകാൻ ആവശ്യപ്പെടണം. ട്രാൻസ്ഫർ അലോട്ട്മെൻറ് ലിസ്റ്റും,ടൈ-റാങ്ക് റിപ്പോർട്ടും അഡ്മിൻ യൂസറിൽ ലഭ്യമാകുന്നതാണ്.

ഒന്നാം പാദ പരീക്ഷകൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രാൻസ്ഫർ അലോട്ട്മെൻറ് അഡ്മിഷൻ സെപ്റ്റംബർ 2 മുതൽ സെപ്റ്റംബർ 6 ന് വൈകിട്ട് 4 മണിവരെ നടത്താവുന്നതാണ്.

ട്രാൻസ്ഫർ അലോട്ട്മെൻറിലൂടെ പ്രവേശനം നേടുന്ന വിദ്യാർത്ഥിവിവരങ്ങൾ അതത് ദിവസം തന്നെ "HITC" യൂസറിലുള്ള"ADMISSION DETAILS ENTRY(TXFR)" എന്ന ലിങ്കിലൂടെ അപ്ഡേറ്റ് ചെയ്യേണ്ടതുമാകുന്നു

**ക്ലാസ്സ് തുടങ്ങിയ ശേഷം** രണ്ടാം ഭാഷ മാറ്റിയ വിദ്യാർത്ഥികളുടെ രണ്ടാം ഭാഷ ഓൺലൈനായി മാറ്റുവാനുള്ള സൗകര്യം ഒന്നാം വർഷ നോമിനൽ റോൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ സ്കൂൾ അധികൃതർക്ക് നൽകുന്നതാണ്.

**മെരിറ്റ് വേക്കൻസി സീറ്റുകളിലെ അഡ്മിഷൻ: നിർദ്ദേശങ്ങൾ**

വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും നാളിതുവരെ അലോട്ട്മെൻറ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസിയിൽ പ്രവേശനം നേടുന്നതിനായി **സെപ്റ്റംബർ 2 ,3, 4 തീയതികളിൽ** അപേക്ഷ സമർപ്പിക്കാം. എന്നാൽ നിലവിൽ പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർഥികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല. നിലവിലുള്ള വേക്കൻസി അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in -ൽ **സെപ്റ്റംബർ 2 ന്** പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത വേക്കൻസിയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ വേക്കൻസിയുള്ള സ്കൂൾ പ്രിൻസിപ്പാളിന് /നേരത്തെ അപേക്ഷ സമർപ്പിച്ച സ്കൂൾ പ്രിൻസിപ്പാളിന് **സെപ്റ്റംബർ 4** ന് വൈകിട്ട് 4 മണിക്കുള്ളിൽ സമർപ്പിക്കുന്നതാണ്. **ഒരു വിദ്യാർത്ഥി ഒരു അപേക്ഷ മാത്രമെ സമർപ്പിക്കേണ്ടതുള്ളു.** പ്രസ്തുത **അപേക്ഷയിൽ പ്രസിദ്ധപ്പെടുത്തിയ വേക്കൻസികൾക്കനുസൃതമായി** എത്ര **സ്കൂൾ/കോഴ്സുകൾ വേണമെങ്കിലും ഓപ്ഷനായി ഉൾപ്പെടുത്താവുന്നതാണ്.** മാതൃകാഫാറം വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്ന അപേക്ഷകൾ ഡാറ്റാ എൻട്രി യൂസറിലുള്ള **Vacant Seat Application Entry** ലിങ്കിലൂടെ അപ്പപ്പോൾ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. **സെപ്റ്റംബർ 4 ന് വൈകിട്ട് 5 മണിക്കുള്ളിൽ എന്ട്രി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ്.** ഇത്തരത്തിൽ സ്കൂളുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ കേന്ദ്രീകൃതമായി പരിഗണിച്ച് മെരിറ്റ് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അഡ്മിഷൻ വെബ്സൈറ്റിൽ **സെപ്റ്റംബർ 5** ന് പ്രസിദ്ധീകരിക്കുന്നതാണ്. അഡ്മിഷൻ ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള സ്കൂൾ/കോഴ്സ് ,റാങ്ക് ലിസ്റ്റിലൂടെ

മനസ്സിലാക്കി അപേക്ഷകർ രക്ഷകർത്താക്കളോടൊപ്പം പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സ്കൂളിൽ **സെപ്തംബർ 6** ന് ഉച്ചയ്ക്ക് 2 മണി മുതൽ 3 മണിക്കു മുമ്പായി യോഗ്യതാ സർട്ടിഫിക്കറ്റ് , വിടുതൽ സർട്ടിഫിക്കറ്റ് , സ്വഭാവ സർട്ടിഫിക്കറ്റ് ,അപേക്ഷയിൽ ബോണസ് പോയിൻറ് ലഭിക്കുന്നതിന് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയവയുടെ അസ്സൽ രേഖകളും ഫീസുമായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നതാണ്. അവരുടെ രജിസ്ട്രേഷൻ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ രേഖപ്പെടുത്തി പ്രിൻസിപ്പൽമാർ സൂക്ഷിക്കേണ്ടതാണ്. **ഇത്തരത്തിൽ ഹാജരാകുന്ന വിദ്യാർത്ഥികളുടെ യോഗ്യതാ മെരിറ്റ് മാനദണ്ഡങ്ങൾ റാങ്ക് ലിസ്റ്റിൻെറ സഹായത്തോടെ ഉറപ്പാക്കി പ്രസിദ്ധപ്പെടുത്തിയ വേക്കൻസിക്ക് തുല്യമായ സീറ്റുകളിൽ അതത് പ്രിൻസിപ്പൽമാർ അന്നേ ദിവസം 3 മണിക്ക് ശേഷം വൈകിട്ട് 4 മണിക്കുള്ളിൽ പ്രവേശനം നടത്തേണ്ടതാണ്.** ഇത്തരത്തിൽ നൽകുന്ന അഡ്മിഷനുമായി ബന്ധപ്പെട്ട് യാതൊരു പരാതികളും ഉണ്ടാകാതിരിക്കാൻ പ്രിൻസിപ്പൾമാർ ശ്രദ്ധിക്കേണ്ടതാണ്. **വേക്കൻസി സീറ്റുകളിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ ജോയിനിംഗ് വിവരങ്ങൾ HITC യൂസറിൽ ലഭ്യമാകുന്ന Joining Details Entry ലിങ്കിലൂടെ സെപ്തംബർ 6 ന് വൈകിട്ട് 5 മണിയ്ക്ക് മുമ്പായിത്തന്നെ രേഖപ്പെടുത്തേണ്ടതാണ്.**

**ഏതെങ്കിലും തരത്തിലുള്ള പ്രാദേശിക അവധി ഉണ്ടാവുകയാണെങ്കിൽപ്പോലും പ്രവേശന നടപടികൾ തടസപ്പെടാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ അതത് പ്രിൻസിപ്പൾമാർ സ്വീകരിക്കേണ്ടതാണ്.**

**ജോയിൻറ് ഡയറക്ടർ(അക്കാദമിക്)**

# ANNEXURE

## Registration Form for Vacant Seat Admission on 06/09/2019

| Sl.No | Application No | Name of Applicant | Reporting Time | Signature of Applicant | Signature of Parent |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

**Name & Dated Signature of Principal :**

**Office Seal**